# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.667 — 09/02/2016 മറുപടിയ്ക്ക്

**തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ/മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്രവികസന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ/ മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്രവികസന പദ്ധതിക്ക് എന്തു തുക വകയിരുത്തുക യുണ്ടായി; | (എ) | 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ / മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്ര വികസന പദ്ധതിക്ക് 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു.<br>2015-16 സമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ / മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്ര വികസന പദ്ധതിക്ക് ബജറ്റ് വിഹിതമായി 150 കോടി രൂപ വകയിരുത്തിയതിൽ 85 കോടി രൂപ ഭവന നിർമ്മാണത്തിനും, 65 കോടി രൂപ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയിരിക്കുന്നു. |
| (ബി) | പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങൾ എതെല്ലാമാണ് ; | | 2014-15 വർഷത്തിൽ 134 പട്ടികവർഗ്ഗ സങ്കേതങ്ങളും 2015-16 വർഷത്തിൽ 50 പട്ടികവർഗ്ഗസങ്കേതങ്ങളെയും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാമാണ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ; | | പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അധിവസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും, ഭൗതീക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും മുൻതൂക്കം നല്കുന്ന പദ്ധതികളാണ് ടി പദ്ധതി വഴി നടപ്പിലാക്കി വരുന്നത്.<br><br>പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, വൈദ്യുതി, ശുചിത്വപരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും അടിസ്ഥാന സൗകര്യവികസനവും, മെച്ചപ്പെട്ട ആരോഗ്യ പ്രവർത്തനങ്ങൾ, പോഷകാഹാരം നല്കുക, കൃഷി, മൃഗസംരക്ഷണം, സ്വയം തൊഴിൽ പദ്ധതി വഴി ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുതലായ വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പിലാക്കുന്നു പദ്ധതികൾ എ.റ്റി.എസ്.പി.യുമായി സംയോജിച്ച് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (ഡി) | പദ്ധതി പ്രദേശങ്ങളെ തെരഞ്ഞെടുക്കുവാൻ നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്നു വ്യക്തമാക്കുമോ? | | പട്ടികവർഗ്ഗക്കാർ താരതമ്യേന കൂടുതലുള്ള പ്രദേശം, സാമ്പത്തിക-ഭൗതീകസാഹചര്യങ്ങളിൽ പിന്നോക്കാവസ്ഥയുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് സുസ്ഥിരവികസനപദ്ധതിയിൽ തെരഞ്ഞെടുക്കുന്നത്. |

Tommy P.S.

സെക്ഷൻ ഓഫീസർ